## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4304** | **13/12/2018-ൽ മറുപടിയ്ക്ക്**

## സഹകരണ മേഖലയിലെ നെല്ല് സംഭരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി യു. പ്രതിഭ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നെല്ല് സംഭരണത്തിനായി സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) യും (ബി) യും | പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തരം ആരംഭിച്ചിട്ടുള്ള മിറർ അക്കൗണ്ടിലൂടെ നെല്ല് നൽകിയ കർഷകർക്കുള്ള തുക യഥാസമയം വിതരണം ചെയ്തുവരുന്നു.<br>പാലക്കാട് ജില്ലാ അടിസ്ഥാനമാക്കി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമിട്ട് ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും, സംഭരണ ഗോഡൗണുകളും ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണത്തിനായി സഹകരണ മേഖലയിൽ ആധുനിക സൗകര്യങ്ങളോടെ ഗോഡൗൺ, റൈസ് മിൽ എന്നിവ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | | |
| (സി) | ഇതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് തുക കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | പുതുതായി രൂപീകരിക്കുന്ന നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘത്തിന്റെ നിയമാവലിയിൽ കൺസോർഷ്യം രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30 സഹകരണ സംഘങ്ങൾ ഉൾപ്പെട്ട കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എവിടെയാണ് റൈസ് മില്ലും ഗോഡൗണും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | പാലക്കാട് താലൂക്കിലെ കഞ്ചിക്കോട് കിൻഫ്രയുടെ കീഴിലുള്ള വ്യവസായ പാർക്കിൽ ആയതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തിൽ രൂപീകരിക്കുന്ന കൺസോർഷ്യത്തിൽ നിന്നും 30 കോടി രൂപ സമാഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ